വരൾച്ചാ ദുരിതാശ്വാസത്തിനായി കേന്ദ്ര സഹായം

28 (*148) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇടക്കാല വരൾച്ചാ ദുരിതാശ്വാസമായി കേന്ദ്രത്തോട് എന്ത് തുകയാണ് കഴിഞ്ഞ സാമ്പത്തിക വർഷം ആവശ്യപ്പെട്ടിരുന്നത് ; ഇതിന്റെ ഇനം തിരിച്ചുള്ള വിവരം വെളിപ്പെടുത്തുമോ ;

(ബി) കേന്ദ്രം എന്തു സഹായമാണ് പ്രസ്തുത ആവശ്യത്തിലേക്കായി നല്കിയത് ;

(സി) ദേശീയ ദുരിതാശ്വാസനിധിയിൽ നിന്ന് കഴിഞ്ഞ വർഷം എന്ത് തുക ലഭിച്ചു ; ഇതിൽ എത്ര ചെലവാക്കി ;

(ഡി) വരൾച്ചയുടെ വിശദാംശം സംസ്ഥാനം കേന്ദ്രത്തിന് നല്കിയിട്ടുണ്ടോ ;

(ഇ) വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി, ഭവന-റോഡ് നിർമ്മാണത്തിന് സംസ്ഥാനം കേന്ദ്രത്തോട് സഹായം ആവശ്യപ്പെട്ടിരുന്നോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) മൂന്നു തവണകളിലായി ആകെ 1057 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഇനം തിരിച്ചുള്ള വിവരം താഴെച്ചേർക്കുന്നു.

		(കോടി രൂപയിൽ)
(i)	നെൽകൃഷിനാശം	59.07
(ii)	മറ്റു കാർഷിക വിളകൾ	45
(iii)	ഇലക്ട്രിസിറ്റി ഉൽപ്പാദനത്തിന്റെ കുറവ്	921
(iv)	കുടിവെള്ളം	32
	ആകെ	1057.07

(ബി) പണമായി പ്രത്യേക കേന്ദ്ര സഹായമൊന്നും ലഭിച്ചിട്ടില്ല. എന്നാൽ എസ്. ജി. ആർ. വൈ (സ്പെഷ്യൽ കമ്പോണന്റ്) പ്രകാരം 'ഫുഡ് ഫോർ വർക്ക്' സ്കീമിൽ ഉൾപ്പെടുത്തി വരൾച്ചബാധിത പ്രദേശങ്ങൾക്ക് മൂന്ന് ഗഡുക്കളായി 77,000 മെട്രിക് ടൺ അരി കേന്ദ്രം അനുവദിച്ചു.

(സി) 5,560 ലക്ഷം രൂപ ലഭിച്ചു ഈ തുകയും മുൻവർഷത്തെ നീക്കിയിരിപ്പും ഉൾപ്പെടെ സംസ്ഥാന പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ചെലവഴിച്ചത് 7,186 ലക്ഷം രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്.

(ഇ) വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി റോഡുകൾ, ഭവനങ്ങൾ എന്നിവയ്ക്ക് കാര്യമായ നാശനഷ്ടങ്ങൾ വരാറില്ല. എന്നാൽ, അത്തരം നാശ നഷ്ടങ്ങൾ വെള്ളപ്പൊക്കക്കെടുതികൾമൂലമാണ് സംഭവിക്കാറുള്ളത്. അതിന് പ്രത്യേക കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

റവന്യൂ വകുപ്പിൽ ഗുഡ് ഗവേണൻസ് നടപ്പിലാക്കാൻ നടപടി

29 (*149) ശ്രീ. എ. സുജനപാൽ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ സദ്ഭരണം (ഗുഡ് ഗവേണൻസ്) നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) ഗുഡ് ഗവേണൻസ് പ്രകാരം എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു ;

(സി) ഗുഡ് ഗവേണൻസ് പ്രയോഗികമാക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് ;

(ഡി) എല്ലാ ജില്ലാ കളക്ടറേറ്റുകളിലും താലൂക്കാഫീസുകളിലും ഇത് സംബന്ധിച്ച് നടപടി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് പറയാമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) കോട്ടയം ജില്ലയിൽ ആദ്യമായും തുടർന്ന് എറണാകുളം ജില്ലയിലും സദ്ഭരണം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഗുഡ് ഗവേണൻസ് പ്രകാരം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ താഴെ പറയുന്നു :

1. ജോലിയുടെ കാര്യത്തിൽ പ്രവർത്തനക്ഷമതയും സേവനകാര്യത്തിൽ ജനസംതൃപ്തിയും ഉയർത്തുക.
2. ഉദ്യോഗസ്ഥൻമാരിൽ പെരുമാറ്റ രീതികൾ മെച്ചപ്പെടുത്തുക.
3. പ്രവർത്തന പാരമ്പര്യം നല്ലതാക്കുക.
4. പൊതുജനങ്ങളുടെ കാര്യത്തിൽ താൽപ്പര്യം, ബഹുമാനം, സഹായമനോഭാവം, സഹാനുഭൂതി എന്നിവ വളർത്തുക.
5. മൂല്യബോധം വളർത്തുക.
6. ഉയർന്ന ലക്ഷ്യബോധവും ആദർശങ്ങളിൽ അധിഷ്ഠിതമാക്കി ജീവിത സ്വപ്നവും വളർത്തുക.

LIBRARY ARCHIVES Kerala Legislative Assembly